പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **08-06-2015- ൽ മറുപടിക്ക്**

**ചോദ്യം നമ്പർ: 132**

# വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.കെ.ലതിക :** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവും ഒടുവിൽ വിജ്ഞാപനം ചെയ്തത് ഏത് തീയതിയിലായിരുന്നു ; പിന്നീട് ഏതെല്ലാം തീയതികളിൽ കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് വിജ്ഞാപനം ചെയ്യുകയുണ്ടായി ; | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവുമൊടുവിൽ പുറപ്പെടുവിച്ചത് 2013 ഡിസംബർ നാലിനായിരുന്നു. വളരെ സുതാര്യവും നിഷ്പക്ഷവുമായ രണ്ട് ഘട്ടങ്ങളുള്ള (Qualification Stage & Bid Stage) ടെണ്ടർ നടപടി ക്രമങ്ങളാണ് ഇതിനായി സ്വീകരിച്ചത്. ക്വാളിഫിക്കേഷൻ സ്റ്റേജിൽ അപേക്ഷ സമർപ്പിക്കാനുള്ള തീയതി നാല് തവണയും ബിഡ് സ്റ്റേജിൽ പദ്ധതിയ്ക്ക് സാമ്പത്തിക ബിഡ് സമർപ്പിക്കാനുള്ള തീയതി പതിനാലു തവണയും നീട്ടിക്കൊടുത്തു. റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) 01-01-2014, 24-01-2014, 03-02-2014, 22-02-2014 എന്നീ തീയതികളിൽ യോഗ്യതാ അപേക്ഷ നല്കാനുള്ള തീയതി നീട്ടി. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഘട്ടത്തിൽ 04-06-2014, 01-07-2014, 11-08-2014, 03-09-2014, 23-09-2014, 18-10-2014, 04-11-2014, 26-11-2014, 24-12-2014, 08-01-2015, 24-01-2015, 20-02-2015, 23-03-2015, 08-04-2015 എന്നീ തീയതികളിൽ ബിഡ് സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുത്തു. |

(ബി) ടെണ്ടറിൽ പങ്കെടുത്തിരുന്ന ഓരോ കമ്പനിയും ഏത് തീയതികളിലാണ് രേഖകൾ വാങ്ങിയതും ടെണ്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) കമ്പനികൾ രേഖകൾ വാങ്ങിയതിന്റെയും ടെണ്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു

| കമ്പനികൾ | ആർ. എഫ്. ക്യൂ സ്റ്റേജ് | | ആർ. എഫ്. പി സ്റ്റേജ് | |
|---|---|---|---|---|
| | ഡോക്യുമെന്റ് വാങ്ങിയ തീയതി | ഡോക്യുമെന്റ് സമർപ്പിച്ച തീയതി | ഡോക്യുമെന്റ് വാങ്ങിയ തീയതി | ഡോക്യുമെന്റ് സമർപ്പിച്ച തീയതി |
| Adani ports | 13.12.2013 | 10.03.2015 | 07.05.2014 | 14.04. 2015 |
| Essar ports | 21.02.2014 | 21.02.2014 | 28.04.2014 | സമർപ്പിച്ചില്ല |
| SREI | 08.03.2014 | 08.03.2014 | 04.07.2014 | സമർപ്പിച്ചില്ല |
| Gammon | 21.02.2014 | 21.02.2014 | വാങ്ങിയില്ല | വാങ്ങിയില്ല |
| Consortium of Concast Infratech Ltd & Hyundai Engineering & Construction Co.Ltd. | 25.02.2014 | 25.02.2014 | വാങ്ങിയില്ല | വാങ്ങിയില്ല |

(സി) എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു ; അതിൽ യോഗ്യത നേടിയവർ ആരൊക്കെയായിരുന്നു ;

(സി) താഴെ പറയുന്ന അഞ്ച് കമ്പനികൾ ടെണ്ടറിന്റെ ആദ്യഘട്ടമായ ക്വാളിഫിക്കേഷൻ സ്റ്റേജിൽ പങ്കെടുത്തു.

- Adani Ports & Special Economic Zone Ltd
- SREI – OHL Consortium
- Essar Ports Ltd
- Consortium of Concast Infratech Ltd & Hyundai Engineering & Construction Co.Ltd.
- Gammon Infrastructure Projects Limited

പ്രസ്തുത അഞ്ച് കമ്പനികളും രണ്ടാം ഘട്ടത്തിലേയ്ക്ക് (ബിഡ് സ്റ്റേജ്) യോഗ്യത നേടി.

(ഡി) ടെണ്ടർ വിളിച്ചതിനു ശേഷം നിർമ്മാണ കരാറിന്റെ കരടിൽ ഏതെല്ലാം തീയതികളിൽ എന്തെല്ലാം വിധത്തിലുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി ; വിശദമാക്കാമോ ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ

(ഡി) (ഇ) & (എഫ്) ടെണ്ടർ വിളിച്ചതിനു ശേഷം എല്ലാ മുൻ ടെണ്ടറുകളിലെയും പോലെ റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിലെ നിബന്ധനകൾക്കനുസൃതമായി ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഈ മാറ്റങ്ങൾ അഞ്ചു കമ്പനികൾ യോഗ്യത തെളിയിച്ചതിന് ശേഷം അവർക്ക് നല്കിയ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിലാണ് വരുത്തിയത്. ഇതിന് ഉന്നതാധികാര

എന്തെല്ലാമായിരുന്നു ;

(എഫ്) അഞ്ച് കമ്പനികൾ യോഗ്യത തെളിയിച്ചതിന് ശേഷം നിർമ്മാണ കരാറിന്റെ കരടിൽ വരുത്തിയ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും എന്തെല്ലാമായിരുന്നു എന്നും ഏത് തീയ്തി കളിലായിരുന്നെന്നും ; വ്യക്തമാക്കുമോ ?

സമിതിയെ സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട് ബിഡ്ഡേഴ്സിന്റെ അഭിപ്രായങ്ങൾ പ്രകാരവും കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും മാറ്റങ്ങൾ വരുത്തുവാനാണ് അധികാരപ്പെടുത്തിയത്. കൂടാതെ ആസൂത്രണ കമ്മീഷൻ നിർദ്ദേശിക്കുന്ന "Drafting Changes" പദ്ധതിയുടെ നിയമോപദേശകരുമായി കൂടിയാലോചിച്ച് Draft Concession Agreement ൽ ഉൾക്കൊള്ളിക്കാനും അധികാരപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിച്ചതിനു ശേഷം കരടിൽ താഴെ പറയുന്ന Addendums മുഖേന താഴെ പറയുന്ന തീയതികളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടു കൂടി വരുത്തിയിട്ടുള്ള ഈ ഭേദഗതികൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. എല്ലാ ഭേദഗതികളോടു കൂടിയുള്ള Final Draft Concession Agreement, Request For Proposal വാങ്ങിയിട്ടുള്ള ബിഡ്ഡേഴ്സിനും ബിഡ് തീയതിയ്ക്ക് മുമ്പ് തന്നെ അയച്ചു കൊടുത്തിട്ടുണ്ട്.

| | | |
|---|---|---|
| Addendum 1 to DCA | - | 06/07/2014 |
| Addendum 2 to DCA | - | 14/08/2014 |
| Addendum 3 to DCA | - | 17/09/2014 |
| Addendum 4 to DCA | - | 17/10/2014 |
| Addendum 5 to DCA | - | 01/01/2015 |
| Addendum 6 to DCA | - | 01/01/2015 |
| Addendum 7 to DCA | - | 10/01/2015 |
| Addendum 8 to DCA | - | 23/03/2015 |
| Addendum 9 to DCA | - | 08/04/2015 |

കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ അനുബന്ധം ഒന്നായും നിർമ്മാണ കരാറിന്റെ കരടിൽ വരുത്തിയ ഭേദഗതികളുടെയും കൂട്ടിച്ചേർക്കലുകളുടേയും ക്രോഡീകരിച്ച വിവരണം അനുബന്ധം രണ്ടായും (സോഫ്റ്റ് കോപ്പി) വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്